3. ഗ്രാമപഞ്ചായത്ത് വാർഡ് അടിസ്ഥാനത്തിൽ 60:40 വേതന-സാധന സാമഗ്രികളുടെ അനുപാതം പാലിക്കേണ്ടതാണ്.

4. ഓരോ പദ്ധതിക്കും ഗ്രാമസഭയുടെയും, ഗ്രാമപഞ്ചായത്തിന്റെയും അംഗീകാരം നേടിയിരിക്കുകയും അവ വാർഷിക കർമ്മ പദ്ധതിയിൽ ഉൾപ്പെട്ടിരിക്കുകയും ചെയ്യണം.

5. പ്രവൃത്തി നടത്തിപ്പിന് കരാറുകാരോ, മെഷിനറിയോ പാടില്ലാത്തതാകുന്നു.

6. മെഷിനറി വാങ്ങാൻ പാടില്ലാത്തതാകുന്നു.

7. സ്വകാര്യ ഭൂമിയിലെ തൊഴിലുറപ്പ് പ്രവൃത്തികൾ നീർത്തട മാസ്റ്റർ പ്ലാനിന്റെ അടിസ്ഥാനത്തിലായിരിക്കണം നടപ്പിലാക്കേണ്ടത്.

(സി) 2010-11 സാമ്പത്തിക വർഷത്തിൽ അംഗീകരിക്കപ്പെട്ട ലേബർ ബഡ്ജറ്റ് പ്രകാരം 9,11,646 കുടുംബങ്ങൾക്ക് ജോലി നൽകാൻ ലക്ഷ്യമിടുന്നു.

പി. എം. ജി. എസ്. വൈ. പ്രകാരം റോഡ് നിർമ്മാണം

116 (6034) ശ്രീ. പി. പി. അബ്ദുള്ളക്കുട്ടി : താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശ സ്വയംഭരണവും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കഴിഞ്ഞ സാമ്പത്തിക വർഷം (2009-10) പി.എം.ജി.എസ്.വൈ. പദ്ധതി പ്രകാരം റോഡു നിർമ്മാണത്തിന് എത്ര തുക ചെലവഴിച്ചു ; എത്ര കിലോമീറ്റർ റോഡ് നിർമ്മാണം പൂർത്തിയാക്കി എന്നറിയിക്കുമോ ?

ഉത്തരം

2009-2010 സാമ്പത്തിക വർഷം പി.എം.ജി.എസ്.വൈ. പദ്ധതി പ്രകാരം 114.57 കോടി രൂപ ചെലവഴിച്ചു. 263.66 കിലോമീറ്റർ റോഡുകളുടെ നിർമ്മാണം പൂർത്തീകരിച്ചു.

പി. എം. ജി. എസ്. വൈ. പദ്ധതിയിലുള്ള പുതിയ റോഡ് പ്രോജക്റ്റുകൾ നിർമ്മാണം

117 (6035) ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. റ്റി. എൻ. പ്രതാപൻ :
ശ്രീ. എം. മുരളി :
ശ്രീ. എ. പി. അനിൽകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണവും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പി.എം.ജി.എസ്.വൈ. പദ്ധതിയിൻകീഴിൽ എത്ര പുതിയ റോഡ് പ്രോജക്ടുകളാണ് കേന്ദ്ര സർക്കാരിന്റെ അനുമതിക്കായി സമർപ്പിച്ചിട്ടുള്ളത് ;

LIBRARY ARCHIVES Kerala Legislative Assembly